## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6915 10.07.2014-ൽ മറുപടിയ്ക്ക്**

# ജില്ലാ കളക്ടർമാർ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃതപദ്ധതികളിൽ ജില്ലാ കളക്ടർമാർ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | പ്രത്യേക ഘടക പദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതിയാണ് പട്ടികജാതി വികസന വകുപ്പ് ജില്ലാ കളക്ടർമാർ മുഖേന നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടെ വിവിധ വരുമാന ദായക പദ്ധതികളും തൊഴിൽ പരിശീലന പദ്ധതികളും ജില്ലാ കളക്ടർ മുഖേന നടപ്പിലാക്കുന്നു. ജില്ലാ കളക്ടർമാരുടെ അനുമതിയോടെ ബന്ധപ്പെട്ട വകുപ്പുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികൾ നടപ്പിലാക്കുന്നു. ക്ഷീര വികസനം, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ നിർവ്വഹണ ഉദ്യോഗസ്ഥരായ ഉല്പാദനമേഖലയിലെ വിവിധ പദ്ധതികൾ, വിവിധ സഹകരണ സംഘങ്ങൾക്ക് ധനസഹായം, തൊഴിലധിഷ്ഠിത പരിശീലനത്തിനായുള്ള ധനസഹായം, സൊസൈറ്റികൾക്ക് പ്രവർത്തനമൂലധനം, തൊഴിൽ പരിശീലന പരിപാടികൾ, അർഹരായ വ്യക്തി/ഗ്രൂപ്പുകൾക്കായുള്ള ധനസഹായം, കുടിവെള്ള പദ്ധതി, വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തുടങ്ങിയ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. |
| (ബി) | 2011 - 12 ലും , 2012 - 13 ലും, 2013-14 ലും ഫണ്ട് വിനിയോഗം ലക്ഷ്യം കൈവരിക്കാത്ത ഏതെങ്കിലും ജില്ലകളുണ്ടോയെന്നും എങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കുമോ; | (ബി) | 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ എല്ലാ ജില്ലകളിലും ഫണ്ട് വിനിയോഗം ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.<br>2013-14 സാമ്പത്തികവർഷത്തിൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിന് പ്രയാസം നേരിട്ടതിനാൽ ഫണ്ട് പൂർണ്ണമായി ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുണ്ട്. |
| (സി) | ഫണ്ട് വിനിയോഗം ലക്ഷ്യത്തിലെത്തുവാൻ സ്വീകരിച്ചിട്ടുള്ള | (സി) | ഫണ്ട് വിനിയോഗം ലക്ഷ്യത്തിലെത്തിക്കുന്നതിന് എസ്.സി.എസ്.പി |

- - 2

| | | |
|---|---|---|
| | നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നത്. ടി നിബന്ധനകൾക്ക് വിധേയമായി ജില്ലാതല കമ്മിറ്റി അംഗീകരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നിർദ്ദേശം നൽകിവരുന്നുണ്ട്. |

Sali. K.J

**സെക്ഷൻ ആഫീസർ**